# പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.11-191-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി- 30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- പെരുമാട്ടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെയും ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.11-191-17 തീയതി – 30.01.2017

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്റെ 2015-16
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.11.2016 മുതൽ .1.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരി ക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2016 മുതൽ 1.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു | ഓഡിറ്റ് ഓഫീസർ |
| | ശ്രീമത.എം.വി.ബീന | ഓഡിറ്റർ |
| | ശ്രീ.രാജൻ.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.സുരേഷ് | 1.4.2015 മുതൽ 31.10.2015 വരെ |
| | ശ്രീ. മാരിമുത്തു.ജി | 1.11.2015മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ.രാമനുണ്ണി.എസ് | 1.4.2015 മുതൽ |

| | | |
|---|---|---|
| | | 31.03.16 വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ശ്രീമതി.ഷമിത.പി | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ.നവനീത്. | 1.4.2015 മുതൽ 31.5.2016 വരെ |
| | ശ്രീ.സുമേഷ്.എം | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ബിബിൻ ചാക്കോ | 1.4.2015 മുതൽ 08.04.15 വരെ |
| | ഡോ. ലക്ഷ്മിപ്രിയ | 9.04.15 മുതൽ 29.05.15 വരെ |
| | D.M.O Charge | 30.05.15 മുതൽ 30.06.15 വരെ |
| | ഡോ. ലിമിജോസ് | 30.06.15 മുതൽ 22.07.15 വരെ |
| | ഡോ.എബിൻ.എബ്രഹാം | 23.07.15 മുതൽ 08.08.15 വരെ |
| | ഡോ. ലിമിജോസ് | 09.08.15 മുതൽ 03.09.15 വരെ |
| | ഡോ. ലക്ഷ്മിപ്രിയ | 04.09.15 മുതൽ 09.10.15 വരെ |
| | ഡോ. അമ്പിളി | 10.10.15 മുതൽ 17.02.16 വരെ |
| | ഡോ. ലിമിജോസ് | 18.02.16.മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.രവിചന്ദ്രൻ .ആർ | 1.4.2013 മുതൽ 30.12.2015 |

| | | |
|---|---|---|
| | | വരെ |
| | ഡോ. ഷെമി.വി.എസ് | 31.12.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ആർ. രാകേഷ് | 1.4.2015 മുതൽ 19.7.2015 വരെ |
| | ഡോ. രാജാഹരിപ്രസാദ് | 20.07.15 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജോസഫ്റെഫിൻ ജെഫ്രി | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശശികല.കെ.എൻ | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ത്രേസ്യാമ്മ ജോസഫ് | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരീഷ്.ഇ.വി | 1.4.2015 മുതൽ 29.07.15 വരെ |
| | | 30.07.15 മുതൽ 18.08.15 വരെ - vacant |
| | ശ്രീ. ശിവാനന്ദ്.ആർ | 19.08.15 മുതൽ 31.03.16 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 30.03.15 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.16 | 29.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 35716925

വരവ് - 55809904

ആകെ - 91526829

ചെലവ് - 75948675

നീക്കിയിരിപ്പ്- 15578154

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിററ് ചെയ്തത് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2367837 | 4724729 # 9458314 | 16550880 | 16550880 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 6166370 | 2955000 | 9121370 | 6361445 | 2759925 ## | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1816137 | 1041640 | 2857777 | 2857777 | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1829118 | 7134713 | 8963831 | 7916308 | 1047523 ## | 0 |
| പെർഫോമൻസ് ഗ്രാന്റ് | 917281 | 917281 | 1834562 | 917281 | 917281 ## | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 6273 | 8941936 | 8948209 | 8948209 | | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1979012 | 3693785 | 5672797 | 5672797 | | 0 |

#TC from Plan SCP,SFC Grant & KLGSDP

## TC to Plan General

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 77008961 | 96 | 56424665 | 38 | 12 | 73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഒന്നുമില്ല

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 10 | 8 | 6537311 | 5028759 | 76.92 |
| കൃഷിഓഫീസർ | 3 | 2 | 9151734 | 6457875 | 70.56 |
| വെറ്ററിനറി സർജൻ | 1 | 1 | 2500000 | 625000 | 25 |
| വി.ഇ.ഒ | 15 | 8 | 18509488 | 6795241 | 36.71 |
| എ.ഇ | 85 | 76 | 26984243 | 24621490 | 91 |
| ICDS സൂപ്പർവൈസർ | 5 | 5 | 5161868 | 4466170 | 86.52 |
| മെഡിക്കൽ ഓഫീസർ, PHC | 6 | 4 | 1032247 | 422561 | 40.93 |
| - ടി- ,ആയുർ വേദം | 1 | 1 | 600000 | 600000 | 100 |
| ഹെഡ്മാസ്ററർ | 2 | 1 | 696025 | 420855 | 60.46 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 12 | 17674222 | 8699222 | 49 |

# 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4371209 | 1439424 | -2931785 | |
| നികുതിയേതര വരവുകൾ | 1632148 | 484535 | -1147613 | |
| മറ്റുവരവുകൾ | 185847 | 1231110 | -1045263 | |
| ആകെ | 6189204 | 3155069 | -3034135 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105840 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 4806720 | 651 |
| വിധവാപെൻഷൻ | 12263160 | 1223 |
| വാർദ്ധക്യകാല പെൻഷൻ | 9825180 | 1227 |
| വികലാംഗപെൻഷൻ | 2324630 | 236 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 560800 | 55 |
| വിവാഹധനസഹായം | 570000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യ ത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4411/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ്ക്ഷാന്തി പുലർത്തി യിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.16 | 1.10.16 മുതൽ 31.10.16 വരെ | ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 24.06.15. മുതൽ 10. 07.15 വരെ | 2010-11 മുതൽ 2104-15 വരെ | എൽ.ബി.എ (എച്ച്.ക്യൂ)IV/8-ബി /1087/15-16/89 തീയ്യതി 4.08.15. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കരുണ മെഡിക്കൽ കോളേജ്, വിളയോടി 2015-16 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ സമർപ്പിച്ച തൊഴിൽ നികുതി പത്രികകളിൽ,അർധ വാർഷിക വരുമാനത്തിന് അനുസൃതമായി താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്.

2015-16 ഒന്നാം അർദ്ധ വർഷം

| ക്രമ നം | ജീവനക്കാരന്റെ പേര് | അർധ വാർഷിക വരുമാനം | ചുമത്താവുന്ന തൊഴിൽ നികുതി | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | Dr.Shyam Lakshmanan | 180000 | 1250 | 750 | 500 |
| 2 | Dr,Vinayak L Kusabi | 180000 | 1250 | 750 | 500 |

2015-16 രണ്ടാം അർദ്ധ വർഷം

| ക്രമ നം | ജീവനക്കാരന്റെ പേര് | അർധ വാർഷിക വരുമാനം | ചുമത്താവുന്ന തൊഴിൽ നികുതി | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | Dr.Shyam Lakshmanan | 180000 | 1250 | 750 | 500 |
| 2 | Dr,Vinayak L Kusabi | 180000 | 1250 | 750 | 500 |

ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, പഞ്ചായത്ത് ഡയറക്ടറുടെ 11.05.2007ലെ സർക്കുലർ നമ്പർ സി-15557/2007 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2015-16 ഒന്നും രണ്ടും അർധ വർഷങ്ങളിൽ തൊഴിലുടമ മുഖേന ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ നാരായണ സോ മിൽ
2. ആഷിക്ക് സോ മിൽ
3. എം.ഏ.ബി ഫ്യുവൽസ്
4. ഷജ്ന സോ മിൽ
5. വിളയോടി വില്ലേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
6. സാക്ക് ഇൻഡസ്ട്രി

7. മൈ കല്യാൺ ജ്വല്ലേഴ്സ് മിനി സ്റ്റോർ
8. അൽ അമീൻ മോഡേൺ റൈസ് മിൽ

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കണം

പഞ്ചായത്ത് ഡയറക്ടറുടെ 11-5-2007 ലെ സി13-15557/2007 നം. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ /കല്യാണ മണ്ഡപങ്ങൾ, കള്ള് ഷാപ്പുകൾ, എന്നിവയിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ 2015-16 ഒന്ന്, രണ്ട് വർഷങ്ങളിൽ മേൽ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പത്രികകൾ നിശ്ചിതമാതൃകയിലല്ല

കരുണ മെഡിക്കൽ കോളേജ്, കരുണ നഴ്സിങ്ങ് സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2015-16 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരമുള്ള മാതൃകയിലല്ല. ആയതിനാൽ ജീവന ക്കാരുടെ ശമ്പള വിവരം പരിശോധിച്ച് നികുതി അടവാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ചട്ട പ്രകാരമുള്ള മാതൃകയിൽ മാത്രം തൊഴിൽ നികുതി പത്രികകൾ സ്വീകരിക്കേണ്ട താണ്.

## 2-5 വ്യാപാരസ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നികുതി ഈടാക്കി

2015-2016 സാമ്പത്തിക വർഷത്തിലെ ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്ററും സഞ്ജയസോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയവിവരങ്ങളും പരിശോധിച്ചതിൽ താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നതായി കണ്ടെത്തി . വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഡി.ആന്റ്.ഒ രജിസ്റ്ററിലെ ക്രമനമ്പർ | സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ | വാർഡ്/ കെട്ടിടനമ്പർ | ഈടാക്കിയ വസ്തുനികുതി | കെട്ടിടത്തിന്റെ ഇനം |
|---|---|---|---|---|
| 178 | ടി രാജേന്ദ്രൻ കർപ്പൂരനിർമ്മാണം | 7/270 | 0 | പാർപ്പിടാവശ്യം |
| 52 | കരീം.പി.എ | 13/267 | 168 | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | ഹോളോബ്രിക്ക്സ് നിർമ്മാണം | | | |
| 154 | ഫാസിൽ.എം.എം സ്റ്റോക്ക് ആന്റ് സെയിൽ , ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡ് . | 16/620 | 341 | പാർപ്പിടാവശ്യം |

വ്യാപാരസ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നികുതി ഈടാക്കുന്നത് വസ്തുനികുതി യിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഫീൽഡ് വിസിറ്റ് നടത്തി ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങൾക്കും യഥാർത്ഥനിരക്കിലുള്ള വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ലേലം - അപാകതകൾ

2015-2016 സാമ്പത്തിക വർഷത്തിലെ ലേലം ഫയലുകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). മീനാക്ഷിപുരം കംഫർട്ട് സ്റ്റേഷൻ പിരിവ് ലേലം കൊണ്ട സതീഷ് S/O മണി , കോവിൽസ്ട്രീറ്റ് , മീനാക്ഷിപുരം എന്ന വ്യക്തി ലേലതുകയായ 28700 രൂപ അടവാക്കിയിട്ടില്ല. ടി വ്യക്തിയിൽനിന്നും തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് 30/11/16 ലെ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ -9 ) മറുപടി ലഭിച്ചിട്ടുണ്ട്.

2). പരസ്യനികുതി പിരിവ് ലേലം കൊണ്ട ശക്തിദാസ് S/O വാസുദേവൻ, പഴണിയൻപാളയം പി.ഒ, കൊഴിഞ്ഞാമ്പാറ എന്ന വ്യക്തി മുദ്രപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

3). വണ്ടിത്താവളം ആഴ്ച ചന്ത ലേലം കൊണ്ട അബ്ദുൾ ജബ്ബാർ S/O അബ്ദുൾ വഹാബ് എന്നവ്യക്തി മുദ്രപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.
ലേലനടപടികൾ ക്രമപ്രകാരവും അപാകതകളില്ലാതെയും നടപ്പിലാക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 വാടക - അപാകതകൾ

1). 2015-16 സാമ്പത്തികവർഷത്തിൽ വാടകയിനത്തിൽ ആകെ 12264 രൂപ (മീനാക്ഷിപുരം ഷോപ്പിംഗ് കോംപ്ലക്സ് മുറി നമ്പർ - 13, മീനാക്ഷിപുരം ഓൾഡ് മാർക്കറ്റ് സ്റ്റാൾ മുറി നമ്പർ - 1 എന്നിവയുടെ വാടക ) കുടിശ്ശികയായിനിലനിൽക്കുന്നു.

2). (a)പച്ചക്കറിമാർക്കറ്റ് പ്രവർത്തിക്കുന്ന മുറി വാടകയ്ക്ക് ഏറ്റെടുത്ത പ്രസിഡണ്ട്, സ്വാശ്രയസമിതി , പ്ലാച്ചിമട ,കന്നിമാരി , ( b) വേമ്പ്രപുറമ്പോക്ക് നിലം വാടകയ്ക്ക് ഏറ്റെടുത്ത കാർത്യായനി w/o വേലായുധൻ ,വേമ്പ്ര ,നന്ദിയോട് . ( c) കന്നിമാരി 33സെന്റ് നിലം വാടകയ്ക്ക് ഏറ്റെടുത്ത കൃഷ്ണൻ s/o വേലായുധൻ,കന്നിമാരി എന്നീ വ്യക്തികൾ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല.

വാടകയിനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വരും വർഷങ്ങളിൽ മേൽസൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 കരുണ മെഡിക്കൽ കോളേജ് അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കരുണ മെഡിക്കൽ കോളേജിലെ 48 വിവിധ കെട്ടിടങ്ങൾ സെക്രട്ടറിയിൽ നിന്നും അംഗീകാരം വാങ്ങാതെ നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തിയത് ക്രമവൽക്കരിച്ച് 2012-13 വർഷം മുതൽ വസ്തുനികുതി അടവാക്കണമെന്ന് ടി സ്ഥാപനത്തി നോട് 17.9.15 ലെ എ-3/7915/11 കത്തുപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതായി ഫയൽപ്രകാരം കാണുന്നു. ടി കത്തു പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമം 235 AA അനുശാസിക്കും പ്രകാരം മേൽ 48 അനധികൃത കെട്ടിടങ്ങളുടെ നികുതി കണക്കാക്കി (UA നമ്പർ നൽകി ) താഴെ പറയും പ്രകാരം നികുതി ചുമത്തിയിട്ടുണ്ട്.

വസ്തുനികുതി - 573310
അനധികൃത നിർമ്മാണമായതിനാൽ ഇരട്ടി-1146620
ലൈബ്രറി സെസ്സ് - 85995
ആകെ -1805925

ഇതിൽ മേൽ സ്ഥാപനം 2012-13, 2013-14 വർഷങ്ങളിലായി 1293952/-രൂപ മാത്രമേ അടച്ചിട്ടുള്ളൂ എന്നും ബാക്കി 2015-16 വർഷം വരെ അടയ്ക്കേണ്ട തുകക്ക് RR ഡിമാന്റ് നോട്ടീസ് നോട്ടീസ് 8.9.2016 ൽ എ-3-7915/11 പ്രകാരം നൽകിയതായി ഫയൽ പ്രകാരം കാണുന്നു. ഇതു പ്രകാരം പിഴപലിശ സഹിതം 8223004/-രൂപ (2012-13 മുതൽ 15-16 വരെ) ആണ് ഡിമാന്റ്.

മേൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി ചെലവ് ചുരുക്കേണ്ടതാണ്

തനത് വരുമാനം പരിമിതമായ പെരുമാട്ടി ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് നിലവിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 271 | 61 |
| 2 | സി.എഫ്.എൽ - 2*11 W | 579 | 14 |
| 3 | സി.എഫ്.എൽ - 15 W | 30 | 9 |

| | | | |
|---|---|---|---|
| 4 | D/ട്യൂബ് 80 W | 913 | 124 |
| 5 | സാധാരണ ലാമ്പ് - 60 W | 233 | 94 |
| 6 | സോഡിയം വേപ്പർ ലാമ്പ് - 250 W | 48 | 414 |
| ആകെ | | 2074 | |

ഓഡിറ്റ് കാലയളവിൽ 4/2015 മുതൽ 12/2015 വരെ 163948 രൂപ വീതവും 1/2016 മുതൽ 3/2016 വരെ മീറ്റർ റീഡിങ്ങിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ശരാശരി 1. 25ലക്ഷം രൂപയും ഒടുക്കിയിരുന്നു.

ഓഡിറ്റ് വർഷത്തിൽ സാധാരണ ലാമ്പുകളൊന്നും ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കിൽ 40 വാട്ടിന്റെ 271 ഉം 60 വാട്ടിന്റെ 233 ഉം സാധാരണ ലാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

സാധാരണ ലാമ്പുകൾ മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ തനതുഫണ്ടിൽ നിന്ന് വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും മുൻകൈ എടുക്കേണ്ടതാണ്.

കൂടാതെ തെരുവുവിളക്കുകളുടെ എണ്ണം ക്രമീകരിക്കുന്നതിനായി വൈദ്യുതിബോർഡ് ഉദ്യോഗസ്ഥരുമായി ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 3-2 കാർഷിക മാർക്കറ്റ് -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല



ഗ്രാമ പഞ്ചായത്ത് പരിധിയിൽ മൂലത്തറ വില്ലേജിലെ കമ്പാലത്തറയിൽ കാർഷിക മാർക്കറ്റ് ആരംഭിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ ഒരു കോടി പതിനഞ്ച് ലക്ഷം രൂപ ചെലവഴിച്ച് അഞ്ച് ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. സ്ഥലം വാങ്ങുന്നതിനുവേണ്ടി പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 12% പലിശ നിരക്കിൽ 65 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും വായ്പ എടുത്തിരുന്നു. 2015-16 വർഷത്തിൽ 4403750 രൂപ വായ്പ തിരിച്ചടവ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുമുണ്ട്. എന്നാൽ കാർഷിക മാർക്കറ്റ് ആരംഭിക്കുന്നതിനുവേണ്ട വിശദമായ രൂപരേഖയോ, പദ്ധതികളോ ഗ്രാമപഞ്ചായത്ത് നാളിതു വരെ തയ്യാറാക്കിയിട്ടില്ല. ഭീമമായ തുക ചെലവഴിച്ചു വാങ്ങിയ സ്ഥലം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാതിരിക്കുകയും പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം നടത്തുകയും ചെയ്യുന്നതിൽ സർക്കാർതല അന്വേഷണം ആവശ്യമാണ്.

## 3-3 ഗ്രാമപഞ്ചായത്ത് വാഹനം - ലോഗ് ബുക്ക് അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ അപാകം

ഗ്രാമപഞ്ചായത്ത് വക ബോലേറോ വാഹനത്തിന്റെ (രജി. നമ്പർ - കെ.എൽ 9 എ.ഡി-4398 )ലോഗ് ബുക്കും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിന്നതിൽ വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി വീഴ്ചവരുത്തിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.)നം. 170/07/ത.സ്വ.ഭ.വ., തീ. 30.06.07) നിർദ്ദേശങ്ങൾ ഒന്നുതന്നെ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗത്തിൽ പാലിച്ചിട്ടില്ല. ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്ന് കാണുകയുണ്ടായി. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകൾ മറ്റ് വിവരങ്ങളും നിരീക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ഒരു ഫയൽ നിലവിലില്ല. ലോഗ് ബുക്കിന് പുറമേ സൂക്ഷിക്കേണ്ടതായ താഴെ പറയുന്ന രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

- ഡീസൽ, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഇന്ധനത്തിന്റേയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് കസ്റ്റോഡിയൻ ഓഫീസർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് നടത്തി ഉപയോഗിച്ച ഇന്ധനത്തിന്റെയും, ഓടിയ ദൂരത്തിന്റെയും കണക്കുകൾ തയ്യാറാക്കി ഇന്ധന ഉപയോഗത്തിന്റെ കൃത്യത കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തിയിട്ടില്ല.

ടി അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും, പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകൾ നിരീക്ഷിക്കുന്നതിന് ഉതകുന്ന രീതിയിൽ ഒരു ഫയൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-4 ആമ്പുലൻസ് - സേവനം ലഭ്യമാക്കണം

2014-15 വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ആമ്പുലൻസിന്റെ നടത്തിപ്പ് ചുമതല മെഡിക്കൽ ഓഫീസർ കൺവീനറായ സോഷ്യൽ നെറ്റ് വർക്കിംഗ് കമ്മിറ്റിക്ക് കൈമാറിയിരുന്നു. ആമ്പുലൻസിന്റെ കസ്റ്റോഡിയനായ മെഡിക്കൽ ഓഫീസറുടെ 27-05-15 ലെ സി5/7211/15ാം നമ്പർ കത്ത് പ്രകാരം ആമ്പുലൻസ് നടത്തിപ്പ് ചുമതലയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയും ആമ്പുലൻസ് ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിരുന്നു. നിലവിൽ ആമ്പുലൻസ് സേവനം നൽകുന്നതിനാവശ്യമായ യാതൊരു ക്രമീകരണങ്ങളും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. ഭീമമായ തുക ചെലവഴിച്ച വാങ്ങിയ ആമ്പുലൻസിന്റെ പരിപാലനത്തിനും പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

## 3-5 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെട്ടുന്നു

പ്രൊ. നം - 145/16-മീഡിയാശ്രീ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 65000 (പ്ലാൻ ജനറൽ)

ബിൽനം.9/ 23-9-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ

65000 ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 462/2015 തിയതി 16-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെന്ററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്. സർക്കാർ ഉത്തരവനുസരിച്ച് 65000 രൂപ പ്ലാൻ ജനറൽ ഫണ്ടിൽ നിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി (നം.151576 തീയതി 20-9--15)എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ചിത്രീകരിക്കുന്ന സിഡി നാളിതുവരെ ലഭ്യമായിട്ടില്ല. ഡോക്യുമെന്ററി പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 65000/-രൂപ തടസ്സപ്പെടുത്തു

## 3-6 ആയുർവേദഡിസ്പെൻസറിയിലേക്കു മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല.

2015 – 2016 സാമ്പത്തീകവർഷഷത്തിൽ ആയുർവേദമെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രോജക്റ്റ്നമ്പർ SO 012 /15 -16 , ഗവ. ആയുർവേദഡിസ്പെൻസസറിയിലേക്കുമരുന്നുവാങ്ങൽ എന്നപ്രോജക്റ്റുമായി ബന്ധപ്പെട്ട് ബിൽനമ്പർ - 02/15-16 പ്രകാരം 600000 രൂപ പിൻവവലിച്ചിട്ടുണ്ട്.എന്നാൽ ഇൻവോവോയ്സ് നമ്പർ - 5174 തീയതി 29-02-16 പ്രകാരം 183971 രൂപയുടെയും , ഇൻവോവോയ്സ് നമ്പർ - 5665 തീയതി 31/03/16 -16 പ്രകാരം 38850 രൂപയുടെയും, ഇൻവോവോയ്സ് നമ്പർ - 4437 തീയതി 30/01/16 പ്രകാരം 368145 രൂപയുടെയും ആകെ 590966രൂപയുടെ മരുന്നുകൾ മാത്രമാണ് ഔഷധിയിൽ നിന്നും ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. ബാക്കി 9034 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് 24/11/16 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ - 10) മറുപടി ലഭ്യമായിട്ടില്ല.

മേൽ പ്രസ്താവിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി-അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി.സ.ഉ(എം.എസ്) നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആദ്യഘട്ടത്തിൽ 101 കുടുംബങ്ങളിലെ ഉം 226 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടരുള്ള ആശ്രയ പ്രൊജക്ട് തയ്യാറാക്കി നടപ്പിലാക്കി വരുന്നു. രണ്ടാം ഘട്ട പ്രൊജക്റ്റ് സർവെനടത്തി ഡാറ്റ്ാ എൻട്രി പൂർത്തീകരിച്ചുവരുന്നതേയുള്ളൂ. ഒന്നാം ഘട്ട പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | 1 -ാം പ്രൊജക്റ്റ് പ്രകാരം | |
|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |

| | | | |
|---|---|---|---|
| 1 | വീട് | 30 | 8 |
| 2 | ഭൂമി | 19 | 1 |
| 3 | വീട് റിപ്പയർ | ഇല്ല | - |
| 4 | കുടിവെള്ളം | “ | - |
| 5 | കക്കൂസ് | “ | - |
| | മറ്റുള്ളവ | “ | |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമേ ഭക്ഷണവും മരുന്നും ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്.ഓഡിറ്റ് വർഷം ആശ്രയ വിഹിതമായി തൻവർഷം ഭവനപുനരുദ്ധാരണത്തിന് പദ്ധതിഫണ്ട് (TSP)യിൽ നിന്നും 180000/-രൂപ വകയിരുത്തിയിരുന്നത് ചെലവഴിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അവ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

## 3-8 <u>സാന്ത്വനം ചികിത്സാ പദ്ധതി- വാഹനവാടക അധികം നൽകിയത് ക്രമപ്രകാരമല്ല</u>

മെഡിക്കൽ ഓഫീസർ, PHC നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം സാന്ത്വന ചികിത്സയും ഗൃഹപരിചരണപരിപാടിയും പദ്ധതിക്കായി തൻവർഷം ആകെ 312983/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രൊജക്റ്റ് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 11/16 | 300000 | 186733 |
| 2 | 98/16 | 132011 | 126250 |

പ്രധാനമായും ഹോംകെയർ യൂണിറ്റിന്റെ വാഹനവാടക,ഭക്ഷണച്ചെലവ്,കമ്മ്യൂണിറ്റി നഴ്സിന്റെ ഹോണറേറിയം,കമ്മ്യൂണിക്കേഷൻ അലവൻസ് ,മരുന്ന വാങ്ങൽ എന്നിവയ്ക്കായാണ് തുക ചെലവു ചെയ്തിരിക്കുന്നത്. വാഹനവാടക നൽകിയത് പരിശോധിക്കുമ്പോൾ മിക്കവാറും ദിവസങ്ങളിൽ KL9E-3002 എന്ന വാഹനം ഉപയോഗിച്ചതിനാണ് വാടക നൽകിക്കാണുന്നത്. വാഹനവാടക നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾക്കനുസൃതമായല്ല വാഹനം വാടകക്ക് വിളിച്ചിരിക്കുന്നത്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം വാഹനം ലഭ്യമാക്കാൻ പഞ്ചായത്തിന് കഴിയാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ

നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനം സ്വീകരിക്കുകയും ക്വാട്ടു ചെയ്ത നിരക്ക് അനുവദിക്കുകയും ചെയ്യാവുന്നതാണ്.എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയല്ല വാഹനം ഏർപ്പാട് ചെയ്തിരിക്കുന്നത്.

2. വാഹനത്തിനു നൽകാവുന്ന പരമാവധി ദിവസവാടക 1100/-രൂപയാണ്. എന്നാൽ 11/2015 മുതൽ 03/2016 വരെയുള്ള മാസങ്ങളിൽ ദിവസവാടക 1200/-രൂപ നൽകിക്കാണുന്നു. അധികം നൽകിയ വാഹനവാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽനം.4/29.12.15 പ്രകാരം പിൻവലിച്ച 50802/-ൽ ഉൾപ്പെടുന്ന 04.11.15,6.11.15,9.11.15, 11.11.15,13.11.15,19.11.15,20.11.15,23.11.15,25.11.15,27.11.15 എന്നീ 10 ദിവസങ്ങളിലെ വാഹനവാടക 1200/-രൂപ നിരക്കിൽ നൽകിയതിൽ 1200-1100=100രൂപ നിരക്കിൽ ആകെ 1000/-രൂപ അധികം നൽകി.(ഡി.ഡി.നം.064216/1.1.16 പ്രകാരം ഡ്രൈവർക്കു വേതനം നൽകിയതിൽ ഉൾപ്പെടുന്നത്.)

2. ബിൽനം.6/23.3.16 പ്രകാരം പിൻവലിച്ച 101090/-ൽ ഉൾപ്പെടുന്ന 2.12.15, 4.12.15, 9.12.15, 11.12.15, 15.12 .15 , 17.12.15, 18.12.15, 21.12.15, 23.12.15 എന്നീ 12/15ലെ 9 ദിവസങ്ങളിലെ വാഹനവാടകയും 1/2016ലെ 4.1.16, 5.1.16, 6.1.16, 8.1.16, 11.1.16, 12.1.16, 14.1.16, 20.1.16, 22.1.16, 25.1.16എന്നീ 10 ദിവസങ്ങളിലെ വാഹനവാടകയും 2/2016ലെ 3.2.16, 5.2.16, 6.2.16, 8.2.16, 9.2.16, 10.2.16, 11.2.16, 15.2.16, 16.2.16, 19.2.16എന്നീ 10 ദിവസങ്ങളിലെ വാഹനവാടകയും 3/2016 ലെ 2.3.16, 4.3.16, 8.3.16, 9.3.16, 10.3.16, 11.3.16, 15.3.16, 19.3.16, 21.3.16, 23.3.16 എന്നീ 10 ദിവസങ്ങളിലെ വാഹനവാടകയും 1200/-രൂപ നിരക്കിൽ നൽകിയതിൽ 1200-1100=100രൂപ നിരക്കിൽ ആകെ 39 ദിവസത്തെ വാഹനവാടക 3900/-രൂപ അധികം നൽകി.(ഡി.ഡി.നം067203/28.3.16പ്രകാരം ഡ്രൈവർക്കു വേതനം നൽകിയതിൽ ഉൾപ്പെടുന്നത്.)

ആകെ അധികം നൽകിയ 4900/-(1000+3900)രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. ട്രിപ്പ് ഷീറ്റിൽ ഡ്രൈവർ യാത്ര പുറപ്പെട്ട സമയം, അവസാനിപ്പിച്ച സമയം ,സഞ്ചരിച്ച ദൂരം എന്നിവ ചേർക്കുന്നില്ല.

സാന്ത്വന പദ്ധതി നടപ്പാക്കുന്നതിന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-9 HIVരോഗികൾക്ക് പോഷകാഹാരം- ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്ക് നിർവ്വഹണം

പ്രൊജക്റ്റ് നം.-9/16-എയ്ഡ്സ് /ടിബി രോഗികൾക്ക് പോഷകാഹാരം

അടങ്കൽ-80000/-(ധനകാര്യകമ്മീഷൻ അവാർഡ്)
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽഓഫീസർ,പി.എച്ച്.സി

എയിഡ്സ്/'ടിബി ബാധിതർക്ക് പോഷകാഹാരം നൽകുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം ബിൽനം.7/23..3.16 അനുസരിച്ച് 39978/-രൂപ ചെലവാക്കിയിട്ടുണ്ട്. അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ ആഹാരസാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്നും വാങ്ങി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എച്ച്.ഐ.വി ബാധിതർക്ക് നൽകിയിട്ടുണ്ട്.സ.ഉ(എം.എസ്) നം.248/2012/തസ്വഭവ തിയതി 29/09/2012 പ്രകാരമുള്ള 2013-14 ലേക്കുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7-1 ക്രമ നമ്പർ 4, സ.ഉ(എം.എസ്)നം.362/2013/LSGD തിയതി 16/11/2013 പ്രകാരമുള്ള 2014-15 ലേക്കുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7-1 ക്രമ നമ്പർ 4, എന്നീ ഉത്തരവുകളിൽ എച്ച്.ഐ.വി ബാധിതർക്കുള്ള പോഷകാഹാര വിതരണം ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടതെന്നും, ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടില്ലെന്നും നിർദേശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ) നം.653/13/ തസ്വഭവ തിയതി 15.3.13 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എച്ച്.ഐ.വി/എയിഡ്സ് മാർഗ്ഗരേഖയിലെ ഖണ്ഡിക 4 ലും മേൽ ഉത്തരവ് നൽകിയിട്ടുണ്ട്.
മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കുന്നതിനായി പദ്ധതിഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/1-12-2016ന് മറുപടി ലഭ്യമാക്കിയില്ല.മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഇത്തരം പ്രൊജക്ട് നടപ്പിലാക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-10 മരാമത്തു പ്രവൃത്തികൾ പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ.രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ തൻവർഷം വകയിരുത്തിയ തുകയുടെ 91% ചെലവഴിച്ചതായി കാണുന്നു. വിവിധകുടിവെള്ളപദ്ധതികൾക്കും അവയുടെ അറ്റകുറ്റ പണികൾക്കായും 1495243/-രൂപ വകയിരുത്തിയതിൽ 1488860/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| വകയിരുത്തിയ തുക | പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്ടുകളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|
| 26984243 | 85 | 24621490 | 76 | 91 |

ഫയലുകൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ എല്ലാ പ്രവർത്തികളിലും സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച് കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ആകെ പിഴ 6161/- ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/1.12.16) മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1. കിഴക്കെക്കാട് അംഗൻവാടി മെയിന്റനൻസ് (81/15)

പിഎസി- 449637/-

കരാറുകാരൻ- വിജയകുമാർ.

എഗ്രിമെൻറ് നം- 52/31.12.14

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 4 മാസത്തിനകം

പൂർത്തീകരിച്ച തീയതി- 16.7.15

അളവു പുസ്തകം-77 /14-15, 41/15-16

ഫൈനൽ ബിൽ -34 /15-16/15.02.16-

പിഴ ഈടാക്കേണ്ടത്- 25.5.15 - 15-7-15(24 ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്നു മാസത്തിന് പി.എ.സി.യുടെ1% - 449637*1%*52/90=2597/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 2597/-

2. VEO ഓഫീസ് അറ്റകുറ്റപ്പണി(139/15)

പിഎസി- 49631/-

കരാറുകാരൻ- ആർ.ശശികുമാർ.

എഗ്രിമെൻറ് നം- 44/3.12.14

സ്ഥലം കൈമാറിയത്-5.1.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 4 മാസത്തിനകം

പൂർത്തീകരിച്ച തീയതി- 1.8.15

അളവു പുസ്തകം-78 /14-15

ഫൈനൽ ബിൽ -48 /15-16/19.03.16-

പിഴ ഈടാക്കേണ്ടത്- 29.5.15-31.7.15 (24ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ1% - 64/90*1000=711

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 711/-

3.കാരിക്കുളം ബോർവെൽ നിർമ്മാണം(163/15)

പിഎസി- 250000/-

കരാറുകാരൻ- N.M.ഷഫീഖ്

എഗ്രിമെൻറ് നം- 71/20.3.15

സ്ഥലം കൈമാറിയത്-21.3.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 4 മാസത്തിനകം

പൂർത്തീകരിച്ച തീയതി- 25.9.15

അളവു പുസ്തകം-75 /14-15,

ചെക്ക്നം. -65414/20.10.15-250000

പിഴ ഈടാക്കേണ്ടത്-21.7.15-24.9.15 (24ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ1% - 250000*1%*42/90=1167/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-1167/-

4. പാറക്കളം ബോർവെൽ നിർമ്മാണം(164/15)

പിഎസി- 250000 /-

കരാറുകാരൻ- N.M.ഷഫീഖ്

എഗ്രിമെൻറ് നം- 72/20.3.15

സ്ഥലം കൈമാറിയത്-21.3.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 4 മാസത്തിനകം

പൂർത്തീകരിച്ച തീയതി- 25.9.15

അളവു പുസ്തകം-74/14-15,

ചെക്ക്നം. -65415/20.10.15-250000

പിഴ ഈടാക്കേണ്ടത്-21.7.15-24.9.15 (24ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ1% - 250000*1%*42/90=1167/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-1167/-

5. മുള്ളൻ തോട് കലുങ്ക് നിർമ്മാണം (44/15)

പിഎസി- 119905 /-

കരാറുകാരൻ- എസ്..ഷാജി

എഗ്രിമെൻറ് നം- 66/8.1.15

സ്ഥലം കൈമാറിയത്-13.1.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 4 മാസത്തിനകം

പൂർത്തീകരിച്ച തീയതി- 18.11.15

അളവു പുസ്തകം-79/14-15,

ബിൽനം.53/25.3.16-120000/-

പിഴ ഈടാക്കേണ്ടത്-10.10.15-17.10.15 (കലുങ്ക് ജലസേചനവകുപ്പിന്റെ കനാലിനു കുറുകെയായതിനാൽ അനുവാദം ലഭിച്ച് 4മാസത്തിൽ കൂടുതൽ വൈകിയ കാലയളവിന്)

ആദ്യത്തെ മൂന്ന് മാസത്തിന് പി.എ.സി.യുടെ1% - 119905*1%*39/90=519/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-519/-

പ്രൊജക്റ്റുകൾ ആവിഷ്ക്കരിക്കുമ്പോൾ നിർവഹണ സമയക്രമം കൃത്യമായി പാലിക്കുന്നതിന് ഭരണ സമിതി, നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് സമിതി എന്നിവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച പ്രൊജക്റ്റുകൾ അതതു വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ മുൻകൈ എടുക്കേണ്ടതാണ്

## 3-12 നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള KPWD മാന്വൽ പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ(ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോട്ടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/1.12.16) മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ്<br>പിഎസി | ടെണ്ടർ ചെയ്തത്/<br>അംഗീകരിച്ച തീരുമാനം | എഗ്രിമെന്റ് വെച്ചത്/ കരാറുകാരൻ | പിഴ ഈടാ ക്കേണ്ടത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കാരിക്കളം മടയൻകാവ് റോഡ് മെയിന്റനൻസ് 34/16,423000 | 21.7.15 24.7.15ലെ 7-ാം നം. | 8.9.15 കെ.ഹരിദാസ് | 4230 |
| 2 | ചെമ്മണംകാട് റോഡ് മെയിന്റനൻസ്, 36/16, 493088 | ടി | 8.9.15 കെ.ഹരിദാസ് | 4931 |
| 3 | കുളപ്പുരക്കാട് റോഡ് മെയിന്റനൻസ്, 73/16, 449154 | ടി | 8.9.15 വിജയകുമാർ.എ | 4491 |
| 4 | കല്യാണപ്പേട്ട മുതൽ ട്രാൻസ്ഫർമർ റോഡ് മെയിന്റനൻസ്, 49/16, 489915 | ടി | 8.9.15 വിജയകുമാർ.എ | 4899 |
| 5 | കോരയാർചള്ള മല്ലൻചള്ള റോഡ്മെയിന്റനൻസ്, 48/16, 493508 | ടി | 8.9.15 വിജയകുമാർ.എ | 4935 |
| 6 | അണലിപ്പാറ റോഡ് മെയിന്റനൻസ്, 77/16, 297216 | ടി | 8.9.15 വിജയകുമാർ.എ | 2972 |
| ആകെ | | | | 26458 |

പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ നിർവഹണ സമയക്രമം കൃത്യമായി പാലിക്കുന്നതിന് ഭരണസമിതി, നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് സമിതി വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച പ്രൊജക്ടുകൾ അതതു വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ മുൻകൈ എടുക്കേണ്ടതാണ്.

## 3-13 ഖാദി ബോർഡ് കോംപ്ലക്സ് ചുറ്റുമതിലിനു മുകളിൽ കമ്പിവേലി നിർമ്മിക്കൽ






കമ്പി വേലിയിട്ട ഭാഗം

2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നും 90000/-രൂപ വകയിരുത്തിയതും 2015-16 വർഷത്തിൽ പൂർത്തീകരിച്ച് ഫൈനൽബില്ല് നൽകിയതുമായ പ്രവൃത്തിയാണ് ഖാദി ബോർഡ് കോംപ്ലക്സ് ചുറ്റുമതിലിനു മുകളിൽ കമ്പിവേലി നിർമ്മിക്കൽ (165/15). നിലവിലുള്ള ഖാദിബോർഡ് കെട്ടിടത്തിന്റെ ചുറ്റുമതിലിനു മുകളിൽ 280m കമ്പിവേലി നിർമ്മിക്കുന്നതിന് ചെക്ക്നം.0065409/23.9.15 പ്രകാരം 89997/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽകെട്ടിടം ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയപ്പോൾ ഒന്നിനും ഉപയോഗിക്കാതെ അടച്ചുപൂട്ടിയിട്ടിരിക്കുന്നതാണ് കണ്ടത്. ഫയൽ പ്രകാരം 2012-13 വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ള ഈ കെട്ടിടത്തിന് സ്ഥലമുൾപ്പെടെ ആകെ 2286572/-രൂപ ചെലവു ചെയ്തിട്ടുണ്ട്. 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള (ഓഡിറ്റ് റിപ്പോർട്ട് 2000-01,ഖണ്ഡിക-3-8) ഈ കെട്ടിടത്തെക്കുറിച്ചുള്ള പരാമർശം നാളിതുവരെ തീർപ്പാക്കിയിട്ടില്ല. ഖാദി ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നതുവഴി തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിന് ഒരു കേന്ദ്രം എന്ന ലക്ഷ്യമിട്ടു കൊണ്ടു നിർമ്മിച്ച ഈ കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-2016 | 1500000 | സമൃദ്ധി നെൽകൃഷി -2015-2016 | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-2016 | 900000 | സമൃദ്ധി നെൽകൃഷി -2015-2016 | 900000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| അഗ്രികൾച്ചർ മാർക്കറ്റ് ലോൺ തിരിച്ചടവ് | ജി.ഒ.1132/14 തീയ്യതി 13.05.14 | 6500000 | 2015-16 | 6106187 | 740373 | 621377 | 5365814 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി | 1000/2010 , തിയ്യതി 24.03.2010 | 6500000 | 2015-2016 | 2798202 | 2798202 | 0 | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം കോ ഓപ്പ്റേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ ഷെയറുകൾ | 1000 |
| ആകെ | 1000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9168/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-1999 | 19 | 568 | വി.രാധാകൃഷ്ണൻ. ജെ.എസ്. | 11504102559/ 25.11.15 |
| 2012-2013 | 3.3 | 8600 | അദ്വൈത് അസോസിയേറ്റ്സ് | 11504100932/22.06.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-2008 | ഖ- 3.4 | 2010-2011 | 2.14 | കെ.എസ്.ഇ.ബി വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച്. | പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2000-2001 | 3.8 | 2005-2006 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55809904 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75948675 |
| വരവിനങ്ങളിലുള്ള നഷ്ടം | 2000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37519 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2000 | | 1000-രാമനുണ്ണി.എസ്., സെക്രട്ടറി<br>1000-മഹേഷ്കുമാർ.എസ്, സെക്രട്ടറി |
| 3-8 | | 4900 | 1000-ഡോ.അമ്പിളി, മെഡിക്കൽ ഓഫീസർ, PHC |

| | | | |
|---|---|---|---|
| | | | 3900-ഡോ.ലിമി ജോസ്<br>ടി |
| 3-11 | | 6161 | ഷമിത.പി.,<br>അസി.എഞ്ചിനീയർ |
| 3-12 | | 26458 | ടി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 65000 | രാമനുണ്ണി.എസ്.,<br>സെക്രട്ടറി |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്<br>നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാമനുണ്ണി.എസ്.,<br>സെക്രട്ടറി | സെക്രട്ടറി, വടകരപ്പതി ഗ്രാമ പഞ്ചായത്ത് | സ്നേഹിത,തറക്കളം,ചിറ്റൂർ. |
| ഡോ.അമ്പിളി,<br>മെഡിക്കൽ ഓഫീസർ, | | കരിങ്കുളം, കൊല്ലങ്കോട് പി. |
| ഡോ.ലിമി ജോസ്<br>ടി | | ആണ്ടിത്തറ, നല്ലേപ്പിള്ളി,<br>പാലക്കാട്. |
| ഷമിത.പി.,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പെരുമാട്ടി ഗ്രാമ പഞ്ചായത്ത് | കൃഷ്ണപ്രഭ, കറുകമണിറോഡ്, മൂച്ചിക്കാട്, പനയൂർ, പാലക്കാട്-678552. |
| മഹേഷ്കുമാർ.എസ്,<br>സെക്രട്ടറി | സെക്രട്ടറി, നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് | കിഴക്കേ ഗ്രാമം, തത്തമംഗലം, പാലക്കാട്. |

## 4 - 9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | ഒട്ടവിലത്തെ കത്തിടപാടിന്റെ വിവരം | |
| 1996-97 | എൽ.എഫ്.പി-8/127/98/6.10.00<br>ചെലവ്<br>എൽ.എഫ്.പി-12/24/02/31.1.02<br>വരവ് | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി-12/966 /01/10.1.01 | ടി |
| 1998-99 | എൽ.എഫ്.പി-12/84/03/9.5.03<br>ചെലവ്<br>എൽ.എഫ്.പി-12/801 /07/20.6.07<br>വരവ് | ടി |
| 1999-00 | എൽ.എഫ്.പി-11/823 /06/6.10.06 | ടി |
| 2000-01 | എൽ.എഫ്.പി-11/1734 /07/4.4.08 | ടി |
| 2001-02 | എൽ.എഫ്.പി-11/1156 /08/11.2.09 | ടി |
| 2002-03 | എൽ.എഫ്.പി-11/1418 /08/21.2.09 | ടി |
| 2003-04 | എൽ.എഫ്.പി-11/2131 /11/27.12.11 | ടി |
| 2004-05 | എൽ.എഫ്.പി-11/21307 /11/27.12.11 | ടി |
| 2005-06 | എൽ.എഫ്.പി-11/2129 /11/27.12.11 | ടി |
| 2006-07 | എൽ.എഫ്.പി-11/1736 /13/9.12.13 | ടി |
| 2007-08 | എൽ.എഫ്.പി-11/1062 /14/8.7.14 | ടി |
| 2008-09 | എൽ.എഫ്.പി-11/95/14(2)/11.2.14 | ടി |
| 2009-10 | എൽ.എഫ്.പി-1156/14 /13/9.7.14 | ടി |
| 2010-11 | എൽ.എഫ്.പി-11/1155 /14/11.3.14 | ടി |
| 2011-12 | എൽ.എഫ്.പി-11/2011 /14/9.2.15 | ടി |
| 2012-13 | എൽ.എഫ്.പി-16/455 /15/10.8.15 | ടി |

| | | |
|---|---|---|
| 2013-14 & 2014 -2015 | കെ.എസ്.എ.പി.കെ.ഡി -11/1360/16/02.8.16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of PERUMATTY GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions

In my opinion the financial statements of PERUMATTY GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

PERUMATTY GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. Budget is not prepared on function -fuctionary basis.

Deputy Director

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ

പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമാട്ടി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ